സംസ്ഥാനത്തെ ഐ. എ. എസ്. ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരുടെ മേൽ പരിപൂർണ്ണ നിയന്ത്രണം സംസ്ഥാനഗവൺമെൻറിനുണ്ടോ ?

ഉത്തരം

പരിപൂർണ്ണ നിയന്ത്രണം ഇല്ല.

ബയൻറിംഗ് പരീക്ഷ പാസായ ശിപായിമാർ

1462. [2203] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ജി. ടി. ഇ. ബയൻറിംഗ് (ലോവർ) പരീക്ഷ പാസായിട്ടുള്ള എത്ര ശിപായിമാർ സെക്രട്ടേറിയറ്റിൽ ഉണ്ട് ;

(ബി) സെക്രട്ടേറിയറ്റിൽ ഇപ്പോഴും എത്ര ബയൻറർമാരുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ട് ;

(സി) ഒഴിവുള്ള ബയൻറർമാരുടെ തസ്തികയിലേക്ക് കെ. ജി. ടി. ഇ. ബയൻറിംഗ് (ലോവർ) പരീക്ഷ പാസായിട്ടുള്ള ശിപായിമാരെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാല്.

(ബി) ബയൻറർമാരുടെ തസ്തികകളൊന്നും ഇപ്പോഴും ഒഴിഞ്ഞുകിടപ്പില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. കണ്ടക്ടർ തസ്തികയിലേക്കുള്ള റാങ്ക്ലിസ്റ്റ്

1463. [2204] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർ പോസ്റ്റിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറു വഴി നിയമനം നടത്തുന്നതിന് റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽനിന്നും നിയമനം ലഭിക്കാൻ ബാക്കി എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റാങ്ക്ലിസ്റ്റ് നിലവിലില്ല. പ്രസ്തുത ലിസ്റ്റ് 8-11-1986-ൽ പി. എസ്. സി. റദ്ദ് ചെയ്തു.

(ബി) ചോദ്യമുദിക്കുന്നില്ല.

കേരള സർവീസ് പെൻഷണേഴ്സ് അസോസിയേഷൻറെ നിവേദനം സംബന്ധിച്ച്

1464. [2205] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാലാം കേന്ദ്ര ശമ്പളക്കമ്മീഷന്റെ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തീരുമാനം അറിഞ്ഞ ശേഷം സംസ്ഥാന പെൻഷൻകാരുടെ നിവേദനങ്ങളിൻമേൽ തീരുമാനമെടുക്കാമെന്ന സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം കേരളാ സർവീസ് പെൻഷണേഴ്സ് അസോസിയേഷനെ അറിയിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിലുള്ള ഡിപ്പാർട്ടുമെന്റുകൾ

1465. [2206] ശ്രീ. സി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളാണ് നിലവിലുള്ളത് ;

(ബി) ഇതിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതമായി സംവരണം പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിലേക്ക് 82 ഡിപ്പാർട്ടുമെന്റുകളാണുള്ളത്.

(ബി) ഉണ്ട്. 22 ഡിപ്പാർട്ടുമെന്റുകളിൽ.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) 40 ഡിപ്പാർട്ടുമെന്റുകളിൽ 10 ശതമാനം പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ട തസ്തികകൾ ഇതിനകം സംവരണം ചെയ്ത് കൊടുത്തിട്ടുണ്ട്. ബാക്കി 20 വകുപ്പുകളിലേക്ക് പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

1466. [2207] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ-സാംസ്ക്കാരിക സംഘടനകൾക്ക് വിദേശസഹായം

1467. [2208] ശ്രീ. ടി. കെ. ഹംസ :
,, സി. ടി. കൃഷ്ണൻ :
,, ഇ. പത്മനാഭൻ :
,, എ. കെ. പത്മനാഭൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ-സാംസ്ക്കാരിക സംഘടനകൾക്ക് സംസ്ഥാന സർക്കാർ അറിയാതെ വിദേശരാജ്യങ്ങളിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ എന്നറിയാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly